003830

കേരള സർക്കാർ
സംഗ്രഹം

15 APR 2008

തദ്ദേശ സ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം - 2005 - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകൽ - മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ യു) വകുപ്പ്

സ.ഉ(എം.എസ്)നം.41/2008/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.02.2008.

---

വായിച്ചു: 1. 9.5.2006-ലെ 11259/സിഡിഎൻ.5/06/പൊഭവ. നമ്പർ സർക്കാർ വിജ്ഞാപനം.
2. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 15/1/08-ലെ ജി2-18723/07 നമ്പർ കത്ത്.

ഉത്തരവ്

മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ വിജ്ഞാപന പ്രകാരം, വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ ലഭിയ്ക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ഫീസ് ഒടുക്കേണ്ടതില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 4(4) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ അത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരം നൽകുന്ന വിവരങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, ഫീസൊടുക്കാതെ ലഭിയ്ക്കുന്നതിന്, സാക്ഷ്യപത്രം നൽകുവാൻ അതാത് സ്ഥലത്തെ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.കെ.ജോസ്,
സെക്രട്ടറി.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത,

സെക്ഷൻ ഓഫീസർ